सत्यमेव जयते

Government of India

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० 4140 | नई दिल्ली | मंगलवार | 31 दिसंबर 2024/ | 10 पौष 1946 (शक) | खण्ड | 13 |
| No. 4140 | NEW DELHI | Tuesday | 31 December 2024/ | 10 Pousha, 1946 (Saka) | Vol. | 13 |
| നമ്പർ 4140 | ന്യൂഡൽഹി | ചൊവ്വ | 31 ഡിസംബർ 2024/ | 10 പൌഷം, 1946 (ശക) | വാല്യം | 13 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 16th October, 2023/24th Aswina, 1945 (Saka).*

The translation in Malayalam of The Dadra and Nagar Haveli and Daman and Diu (Merger of Union territories) Act, 2019 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും (യൂണിയൻ പ്രദേശങ്ങളുടെ ലയനം) ആക്റ്റ്, 2019–ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973–ലെ 50)–ന്റെ 2–ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

S. K. G. RAHATE,
*Secretary to the Government of India.*

# ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും (യൂണിയൻ പ്രദേശങ്ങളുടെ ലയനം) ആക്റ്റ്, 2019

**(2019–ലെ 44–ാം നമ്പർ)**

യൂണിയൻ പ്രദേശങ്ങളായ ദാദ്ര–നഗർ ഹവേലിയുടെയും ദാമൻ–ദിയുവിന്റെയും ലയനത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## ഭാഗം I

### പ്രാരംഭികം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും (യൂണിയൻ പ്രദേശങ്ങളുടെ ലയനം) ആക്റ്റ്, 2019 എന്ന് പേര് പറയാം.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) ''നിശ്ചയിക്കപ്പെട്ട ദിവസം'' എന്നാൽ കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന ദിവസം എന്നർത്ഥമാകുന്നു;

(ഖ) ''നിലവിലുള്ള യൂണിയൻ പ്രദേശങ്ങൾ'' എന്നാൽ നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള പ്രകാരമുള്ള യൂണിയൻ പ്രദേശങ്ങളായ ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും എന്നർത്ഥമാകുന്നു;

(ഗ) ''നിയമം'' എന്നതിൽ നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള മുഴുവൻ യൂണിയൻ പ്രദേശത്തോ അതിലെ ഏതെങ്കിലും ഭാഗത്തോ നിയമ പ്രാബല്യമുള്ള ഏതെങ്കിലും അധിനിയമമോ ഓർഡിനൻസോ റെഗുലേഷനോ ഉത്തരവോ ബൈലായോ ചട്ടമോ പദ്ധതിയോ വിജ്ഞാപനമോ അല്ലെങ്കിൽ മറ്റു കരണമോ ഉൾപ്പെടുന്നു.

## ഭാഗം II

## യൂണിയൻ പ്രദേശങ്ങളുടെ ലയനം

3. യൂണിയൻ പ്രദേശമായ ദാദ്ര–നഗർ ഹവേലിയുടെയും ദാമൻ–ദിയുവിന്റെയും രൂപീകരണം.—നിശ്ചയിക്കപ്പെട്ട ദിവസത്തിലും അന്നുമുതൽക്കും, നിലവിലുള്ള യൂണിയൻ പ്രദേശങ്ങളിലെ ഭൂപ്രദേശങ്ങൾ അടങ്ങിയ, ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശമായി അറിയപ്പെടുന്ന ഒരു പുതിയ യൂണിയൻ പ്രദേശം രൂപീകരിക്കപ്പെടേണ്ടതാണ്, അതായത്:—

ദാദ്രാ–നഗർ ഹവേലിയും ദാമൻ–ദിയുവും,

അതോടെ പ്രസ്തുത ഭൂപ്രദേശങ്ങൾ നിലവിലുള്ള യൂണിയൻ പ്രദേശങ്ങളുടെ ഭാഗമല്ലാതായി തീരുന്നതുമാണ്.

4. ഭരണഘടനയുടെ 240–ാം അനുച്ഛേദത്തിന്റെ ഭേദഗതി.—ഭരണഘടനയുടെ 240–ാം അനുച്ഛേദത്തിൽ, (1)–ാം ഖണ്ഡത്തിൽ,—

(i) (ഗ) ഉൾക്കുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(ഗ) ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും;";

(ii) (ഘ) ഉൾക്കുറിപ്പ് വിട്ടുകളയേണ്ടതാണ്.

5. ഭരണഘടനയുടെ ഒന്നാം പട്ടികയ്ക്കുള്ള ഭേദഗതി.—നിശ്ചയിക്കപ്പെട്ട തീയതിയിലും അന്നുമുതൽക്കും, ഭരണഘടനയുടെ ഒന്നാം പട്ടികയിൽ, "II. **യൂണിയൻ പ്രദേശങ്ങൾ**" എന്ന ശീർഷകത്തിന് താഴെ, 4, 5 എന്നീ ഉൾക്കുറിപ്പുകൾക്കും അവ സംബന്ധിച്ച തൽസ്ഥാനീയ ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

| പേര് | വ്യാപ്തി |
|---|---|
| "4. ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും | 1961 ആഗസ്റ്റ് പതിനൊന്നാം ദിവസത്തിന് തൊട്ടു മുമ്പ് സ്വതന്ത്ര ദാദ്ര–നഗർ ഹവേലിയും ഉൾപ്പെട്ടിരുന്ന ഭൂപ്രദേശവും 1987–ലെ ഗോവ, ദാമൻ–ദിയു പുനഃസംഘടന ആക്റ്റ് (1987–ലെ 18) 4–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും.". |

## ഭാഗം III

### ലോകസഭയിലെ പ്രാതിനിധ്യം

6. ലോകസഭയിൽ സീറ്റുകൾ വിഭജിച്ച് കൊടുക്കൽ.—നിശ്ചയിക്കപ്പെട്ട തീയതിയിലും അന്നുമുതൽക്കും, ലോകസഭയിൽ ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശങ്ങൾക്ക് രണ്ടു സീറ്റുകൾ വിഭജിച്ചു കൊടുക്കേണ്ടതും, ജനപ്രാതിനിധ്യ ആക്റ്റ്, 1950 (1950–ലെ 43)–ന്റെ ഒന്നാം പട്ടിക അനുസരിച്ച് ഭേദഗതി ചെയ്തതായി കരുതപ്പെടേണ്ടതുമാണ്.

7. നിലവിലുള്ള അംഗങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ.—(1) നിശ്ചയിക്കപ്പെട്ട ദിവസം, 5–ാം വകുപ്പിലെ വ്യവസ്ഥകളെ ആസ്പദമാക്കി അതിർത്തികൾ വ്യത്യാസ പ്പെടുത്തലോടെയോ അല്ലാതെയോ തിരിച്ചുവയ്ക്കപ്പെട്ട ഏതെങ്കിലും പാർലമെന്റ് നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന നിലവിലുള്ള ഓരോ ലോകസഭാംഗത്തെയും ആ നിയോജക മണ്ഡലം ആ സഭയിലേക്ക് തിരഞ്ഞെടുത്തതായി കരുതപ്പെടേണ്ടതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി "പാർലമെന്റ് നിയോജകമണ്ഡലം" എന്നതിന് ജനപ്രാതിനിധ്യ ആക്റ്റ്, 1950 (1950–ലെ 43)–ൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി വ്യത്യാസപ്പെടുത്താതെ തുടരേണ്ടതാണ്.

## ഭാഗം IV

### ഹൈക്കോടതി

8. ബോംബെ ഹൈക്കോടതിയുടെ അധികാരിത വ്യാപിപ്പിക്കൽ.—നിശ്ചയിക്കപ്പെട്ട തീയതി യിലും അന്നുമുതൽക്കും ബോംബെ ഹൈക്കോടതിയുടെ അധികാരിത ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശത്ത് വ്യാപിക്കുന്നത് തുടരേണ്ടതാണ്.

## ഭാഗം V

### ആസ്തികളും ബാദ്ധ്യതകളും

9. ഭൂമിയും ചരക്കുകളും.—ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കു വിധേയമായി, നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള യൂണിയൻ പ്രദേശങ്ങൾ കൈവശം വച്ചിരുന്ന എല്ലാ ഭൂമിയും കൂടാതെ എല്ലാ സംഭരണവും സാധനങ്ങളും മറ്റു ചരക്കുകളും ആ ദിവസവും അന്നുമുതൽക്കും ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശങ്ങളിൽ നിക്ഷിപ്തമാകുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ഭൂമി" എന്ന പദപ്രയോഗ ത്തിൽ എല്ലാതലത്തിലുമുള്ള സ്ഥാവര വസ്തുക്കളും അങ്ങനെയുള്ള വസ്തുവിലോ അതിൻമേലോ ഉള്ള ഏതെങ്കിലും അവകാശങ്ങളും ഉൾപ്പെടുന്നതും "ചരക്കുകൾ" എന്ന പദപ്രയോഗത്തിൽ നാണയങ്ങൾ, ബാങ്ക് നോട്ടുകൾ, കറൻസി നോട്ടുകൾ എന്നിവ ഉൾപ്പെടുന്നതല്ലാത്തതുമാണ്.

10. <u>നീക്കിയിരുപ്പുകൾ</u>.—നിശ്ചയിക്കപ്പെട്ട തീയതിയ്ക്ക് തൊട്ടുമുമ്പ് നിലവിലുള്ള യൂണിയൻ പ്രദേശങ്ങളിലെ എല്ലാ ട്രഷറികളിലെയും ഭാരതീയ റിസർവ്വ് ബാങ്കിലെയും ഭാരതീയ സ്റ്റേറ്റ് ബാങ്കിലെയും ഏതെങ്കിലും ദേശസാൽകൃത ബാങ്കിലേയും നീക്കിയിരുപ്പുകളുടെ ആകെ തുക ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്ത് ലയിപ്പിക്കേണ്ടതാണ്.

11. <u>നികുതി കുടിശ്ശിക</u>.—(1) നിലവിലുള്ള യൂണിയൻ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും വസ്തുവിലെ ഏതെങ്കിലും നികുതിയുടെയോ തീരുവയുടെയോ കുടിശ്ശിക (ഭൂമിക്കര കുടിശ്ശിക ഉൾപ്പെടെ) വസൂലാക്കുന്നതിനുള്ള അവകാശം ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്ത് നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള നികുതിയോ തീരുവയോ അല്ലാത്ത ഏതെങ്കിലും നികുതിയുടെയോ തീരുവയുടെയോ കുടിശ്ശിക വസൂലാക്കുന്നതിനുള്ള അവകാശം ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്തിന്റേതായിരിക്കുന്നതാണ്.

12. <u>വായ്പകളും മുൻകൂറുകളും വസൂലാക്കുന്നതിനുള്ള അവകാശം</u>.—നിലവിലുള്ള യൂണിയൻ പ്രദേശങ്ങൾ നിശ്ചയിക്കപ്പെട്ട തീയതിയ്ക്ക് മുമ്പ് ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തിനോ സംഘത്തിനോ കൃഷിക്കാരനോ മറ്റ് ആളിനോ നൽകിയിട്ടുള്ള ഏതെങ്കിലും വായ്പകളോ മുൻകൂറുകളോ വസൂലാക്കുന്നതിനുള്ള അവകാശം ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്തിന്റേതായിരിക്കുന്നതാണ്.

13. <u>യൂണിയൻ പ്രദേശ സംരംഭങ്ങളുടെ ആസ്തികളും ബാദ്ധ്യതകളും</u>.—നിലവിലുള്ള യൂണിയൻ പ്രദേശങ്ങളിലെ ഏതെങ്കിലും വാണിജ്യ സംരംഭവുമായി ബന്ധപ്പെട്ട ആസ്തികളും ബാദ്ധ്യതകളും ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്ത് നിക്ഷിപ്തമായിരിക്കുന്നതാണ്.

14. <u>അധികമായി പിരിച്ച നികുതികൾ തിരിച്ച് കൊടുക്കൽ</u>.—യൂണിയന്റെ,—

(ക) ഭൂമിക്കരം ഉൾപ്പെടെ അധികമായി പിരിച്ച വസ്തുവിന്മേലുള്ള ഏതെങ്കിലും നികുതിയോ തീരുവയോ തിരിച്ചുകൊടുക്കുന്നതിനുള്ള ബാദ്ധ്യത ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്തിനായിരിക്കുന്നതാണ്;

(ഖ) അധികമായി പിരിച്ച മറ്റേതെങ്കിലും നികുതിയോ തീരുവയോ തിരിച്ചുകൊടുക്കുന്നതിനുള്ള ബാദ്ധ്യത ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്തിനായിരിക്കുന്നതാണ്.

## ഭാഗം VI
## സേവനങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ

15. <u>അഖിലേന്ത്യാ സർവ്വീസുകളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ</u>.—നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള യൂണിയൻ പ്രദേശ കേഡറിൽപ്പെട്ട ഓരോ അഖിലേന്ത്യാ സർവ്വീസിലെയും അംഗങ്ങൾ, നിശ്ചയിക്കപ്പെട്ട ദിവസത്തിന് മുമ്പ് അവരെ

നൽകിയിട്ടുള്ള, നിലവിലുള്ള യൂണിയൻ പ്രദേശത്തെ അതേ സർവ്വീസിലെ കേഡറിൽ തുടരുന്നതാണ്.

16. <u>മറ്റ് സർവ്വീസുകളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ</u>.—(1) നിലവിലുള്ള യൂണിയൻ പ്രദേശങ്ങളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയോജിക്കപ്പെട്ടിട്ടുള്ളതും നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള യൂണിയൻ പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഓരോ ആളും, ആ ദിവസത്തിലും അന്നുമുതൽക്കും,—

(ക) ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശങ്ങളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കുന്നത് തുടരേണ്ടതും;

(ഖ) ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശങ്ങളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കുന്നത് താൽക്കാലികമായി അനുവദിച്ച് നൽകിയിട്ടുള്ളതായി കരുതപ്പെടേണ്ടതുമാണ്:

എന്നാൽ (ഖ) ഖണ്ഡത്തിലെ യാതൊന്നും 15-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഒരാളിനോ ഏതെങ്കിലും സംസ്ഥാനത്തുനിന്ന് അന്യത്ര സേവനത്തിലുള്ള ഒരാളിനോ ബാധകമാകുന്നതല്ല.

(2) നിശ്ചയിക്കപ്പെട്ട ദിവസത്തിന് ശേഷം, കഴിയുന്നത്രവേഗം, കേന്ദ്ര സർക്കാർ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന, (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ ആളെയും ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്തിലെ സേവനത്തിനുവേണ്ടി അന്തിമമായി അനുവദിച്ച് നൽകേണ്ടതാണോയെന്നും അങ്ങനെയുള്ള അനുവദിച്ച് നൽകൽ നടപ്പിൽ വരുത്തേണ്ടത് അല്ലെങ്കിൽ നടപ്പിൽ വരുത്തിയതായി കരുതപ്പെടേണ്ടത് ഏത് തീയതി മുതൽ പ്രഭാവത്തിലാണെന്നും തീരുമാനിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിനെ അടിസ്ഥാനമാക്കി ഒരു ജീവനക്കാരനെ അന്തിമമായി അനുവദിച്ച് നൽകിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ശേഷം, കഴിയുന്നത്രവേഗം, ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശം, കേന്ദ്ര സർക്കാർ, അതത് സമയം, ഇതിലേക്കായി പുറപ്പെടുവിക്കാവുന്ന അങ്ങനെയുള്ള പ്രത്യേകമായതോ പൊതുവായതോ ആയ ഉത്തരവുകൾക്കോ നിർദ്ദേശങ്ങൾക്കോ അനുസൃതമായി അതിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള സർവ്വീസുകളിലേക്ക് ജീവനക്കാരനെ സംയോജിപ്പിക്കുന്നതിന് നടപടികൾ എടുക്കേണ്ടതാണ്.

(4) കേന്ദ്ര സർക്കാരിന്, ഉത്തരവ് മുഖേന, ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധിക്കുന്ന എല്ലാ ആളുകൾക്കും ന്യായവും നീതിപൂർവ്വവുമായ പെരുമാറ്റവും അങ്ങനെയുള്ള ആളുകൾ നൽകുന്ന ഏതെങ്കിലും നിവേദനത്തിന്റെ ഉചിതമായ പരിഗണനയും ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് അതിനെ സഹായിക്കുന്ന ആവശ്യത്തിനായി ഒന്നോ അതിലധികമോ ഉപദേശക സമിതികൾ രൂപീകരിക്കാവുന്നതാണ്:

എന്നാൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം സർവ്വീസുകളുടെ വിഭജനത്തിലും സംയോജനത്തിലും നിന്ന് ഉത്ഭവിക്കുന്ന കാര്യങ്ങളിൻമേൽ ക്ഷമതയുള്ള അധികാര സ്ഥാനം പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിനെതിരെ അങ്ങനെയുള്ള ഉത്തരവിന്റെ

നൽകിയിട്ടുള്ള, നിലവിലുള്ള യൂണിയൻ പ്രദേശത്തെ അതേ സർവ്വീസിലെ കേഡറിൽ തുടരുന്നതാണ്.

16. <u>മറ്റ് സർവ്വീസുകളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ</u>.—(1) നിലവിലുള്ള യൂണിയൻ പ്രദേശങ്ങളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയോജിക്കപ്പെട്ടിട്ടുള്ളതും നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള യൂണിയൻ പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഓരോ ആളും, ആ ദിവസത്തിലും അന്നുമുതൽക്കും,—

(ക) ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശങ്ങളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കുന്നത് തുടരേണ്ടതും;

(ഖ) ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശങ്ങളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കുന്നത് താൽക്കാലികമായി അനുവദിച്ച് നൽകിയിട്ടുള്ളതായി കരുതപ്പെടേണ്ടതുമാണ്:

എന്നാൽ (ഖ) ഖണ്ഡത്തിലെ യാതൊന്നും 15–ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഒരാളിനോ ഏതെങ്കിലും സംസ്ഥാനത്തുനിന്ന് അന്യത്ര സേവനത്തിലുള്ള ഒരാളിനോ ബാധകമാകുന്നതല്ല.

(2) നിശ്ചയിക്കപ്പെട്ട ദിവസത്തിന് ശേഷം, കഴിയുന്നത്രവേഗം, കേന്ദ്ര സർക്കാർ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന, (1)–ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ ആളെയും ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശത്തിലെ സേവനത്തിനുവേണ്ടി അന്തിമമായി അനുവദിച്ച് നൽകേണ്ടതാണോയെന്നും അങ്ങനെയുള്ള അനുവദിച്ച് നൽകൽ നടപ്പിൽ വരുത്തേണ്ടത് അല്ലെങ്കിൽ നടപ്പിൽ വരുത്തിയതായി കരുതപ്പെടേണ്ടത് ഏത് തീയതി മുതൽ പ്രഭാവത്തിലാണെന്നും തീരുമാനിക്കേണ്ടതാണ്.

(3) (2)–ാം ഉപവകുപ്പിനെ അടിസ്ഥാനമാക്കി ഒരു ജീവനക്കാരനെ അന്തിമമായി അനുവദിച്ച് നൽകിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ശേഷം, കഴിയുന്നത്രവേഗം, ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശം, കേന്ദ്ര സർക്കാർ, അതത് സമയം, ഇതിലേക്കായി പുറപ്പെടുവിക്കാവുന്ന അങ്ങനെയുള്ള പ്രത്യേകമായതോ പൊതുവായതോ ആയ ഉത്തരവുകൾക്കോ നിർദ്ദേശങ്ങൾക്കോ അനുസൃതമായി അതിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള സർവ്വീസുകളിലേക്ക് ജീവനക്കാരനെ സംയോജിപ്പിക്കുന്നതിന് നടപടികൾ എടുക്കേണ്ടതാണ്.

(4) കേന്ദ്ര സർക്കാരിന്, ഉത്തരവ് മുഖേന, ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധിക്കുന്ന എല്ലാ ആളുകൾക്കും ന്യായവും നീതിപൂർവ്വവുമായ പെരുമാറ്റവും അങ്ങനെയുള്ള ആളുകൾ നൽകുന്ന ഏതെങ്കിലും നിവേദനത്തിന്റെ ഉചിതമായ പരിഗണനയും ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് അതിനെ സഹായിക്കുന്ന ആവശ്യത്തിനായി ഒന്നോ അതിലധികമോ ഉപദേശക സമിതികൾ രൂപീകരിക്കാവുന്നതാണ്:

എന്നാൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം സർവ്വീസുകളുടെ വിഭജനത്തിലും സംയോജനത്തിലും നിന്ന് ഉത്ഭവിക്കുന്ന കാര്യങ്ങളിൻമേൽ ക്ഷമതയുള്ള അധികാര സ്ഥാനം പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിനെതിരെ അങ്ങനെയുള്ള ഉത്തരവിന്റെ

പ്രസിദ്ധീകരണത്തിന്റെയോ നടത്തലിന്റെയോ തീയതി മുതൽ, ഏതാണോ ആദ്യം, മൂന്നു മാസം അവസാനിക്കുന്നതിൻമേൽ യാതൊരു നിവേദനവും പാടുള്ളതല്ല:

എന്നുമാത്രമല്ല തൊട്ടുമുമ്പുള്ള പരിമിതി വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന്, സ്വമേധയാ അല്ലെങ്കിൽ മറ്റുവിധത്തിലും രേഖപ്പെടുത്തേണ്ട കാരണങ്ങളാലും ഏത് കാര്യവും പുനരാരംഭിക്കാവുന്നതും ബാധിക്കപ്പെടുന്ന ഏതെങ്കിലും ജീവനക്കാരനോടുള്ള ഏതെങ്കിലും നീതിഭംഗം തടയുന്നതിനായി, അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് അതിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ഉചിതമാണെന്ന് അതിന് തോന്നാവുന്ന അങ്ങനെയുള്ള ഉത്തരവ് അതിൻമേൽ പുറപ്പെടുവിക്കാവുന്നതുമാണ്.

(5) ഈ വകുപ്പിലെ യാതൊന്നും, നിശ്ചയിക്കപ്പെട്ട ദിവസത്തിലോ ശേഷമോ, ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശങ്ങളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കുന്ന ആളുകളുടെ സേവന വ്യവസ്ഥകൾ തീരുമാനിക്കുന്നത് സംബന്ധിച്ച് ഭരണഘടനയുടെ ഭാഗം XIV, I–ാം അദ്ധ്യായത്തിലെ വ്യവസ്ഥകളുടെ പ്രയോഗത്തെ ബാധിക്കുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല:

എന്നാൽ (1)–ാം ഉപവകുപ്പിലോ (2)–ാം ഉപവകുപ്പിലോ പരാമർശിക്കപ്പെട്ട ഏതെങ്കിലും ആളിന്റെ സംഗതിയിൽ, നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് ബാധകമാകുന്ന സേവന വ്യവസ്ഥകൾ, കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ അയാൾക്ക് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

(6) നിലവിലുള്ള യൂണിയൻ പ്രദേശങ്ങളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് (2)–ാം ഉപവകുപ്പ് പ്രകാരം അനുവദിക്കപ്പെട്ട ഒരു ആൾ നിശ്ചയിക്കപ്പെട്ട ദിവസത്തിന് മുമ്പ് നൽകിയിട്ടുള്ള എല്ലാ സേവനങ്ങളും, അയാളുടെ സേവനവ്യവസ്ഥകളുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി, ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

(7) ഈ വകുപ്പിലെ (1)–ാം ഉപവകുപ്പ് (ക) ഖണ്ഡം അല്ലാത്ത വ്യവസ്ഥകൾ, 16–ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും ആളുമായി ബന്ധപ്പെട്ട് ബാധകമാകുന്നതല്ല.

## ഭാഗം VII

## നിയമ-പലവക വ്യവസ്ഥകൾ

17. <u>നിയമങ്ങൾ വ്യാപിപ്പിക്കൽ.</u>—നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള യൂണിയൻ പ്രദേശങ്ങളിൽ വ്യാപ്തിയുള്ളതോ പ്രാബല്യത്തിലുള്ളതോ ആയ എല്ലാ നിയമങ്ങളും നിശ്ചയിക്കപ്പെട്ട ദിവസത്തിലും അന്നുമുതൽക്കും ആ ദിവസത്തിന് തൊട്ടുമുമ്പ് ഏതൊക്കെ പ്രദേശങ്ങളെ സംബന്ധിച്ചാണോ അവ പ്രാബല്യത്തിലുണ്ടായിരുന്നത് ആ പ്രദേശങ്ങളിൽ പ്രാബല്യത്തിൽ തുടരുന്നതാണ്.

18. <u>നിയമങ്ങൾ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം.</u>—17–ാം വകുപ്പ് മുഖേന ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുള്ള ഏതെങ്കിലും നിയമം നടപ്പാക്കുന്നതിന് ആവശ്യമാക്കപ്പെട്ടിട്ടുള്ളതോ അധികാരം നൽകപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും കോടതിക്കോ ട്രൈബ്യൂണലിനോ അധികാര സ്ഥാനത്തിനോ ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശവുമായി

ബന്ധപ്പെട്ട് അതിന്റെ ബാധകത സുകരമാക്കുന്ന ആവശ്യത്തിനുവേണ്ടി കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അധികാരസ്ഥാനത്തിന്റെയോ മുമ്പാകെയുള്ള കാര്യവുമായി ബന്ധപ്പെട്ട് ആവശ്യമായേക്കാവുന്നതോ ഉചിതമായേക്കാവുന്നതോ ആയ അങ്ങനെയുള്ള രീതിയിൽ സാരാംശത്തെ ബാധിക്കാതെ നിയമം വ്യാഖ്യാനിക്കാവുന്നതാണ്.

19. <u>നിയമങ്ങൾ അനുരൂപമാക്കുന്നതിനുള്ള അധികാരം</u>.—ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശവുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിയമത്തിന്റെ ബാധകത സുകരമാക്കുന്ന ആവശ്യത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്, നിശ്ചയിക്കപ്പെട്ട ദിവസം മുതൽ രണ്ടുവർഷം അവസാനിക്കുന്നതിന് മുമ്പ്, ഉത്തരവ് മുഖേന, റദ്ദാക്കലോ ഭേദഗതിയോ വഴി ആവശ്യമായേക്കാവുന്നതോ യുക്തമായേക്കാവുന്നതോ ആയ, നിയമത്തിന്റെ അങ്ങനെയുള്ള അനുരൂപമാക്കലുകളും രൂപഭേദപ്പെടുത്തലുകളും നടത്താവുന്നതും അതിൻമേൽ, അങ്ങനെയുള്ള ഓരോ നിയമത്തിനും, ക്ഷമതയുള്ള നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യുന്നതുവരെ, അപ്രകാരം നടത്തിയ അനുരൂപമാക്കലുകൾക്കും രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

20. <u>നിയമ നടപടികൾ</u>.—നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് ഈ ആക്റ്റ് പ്രകാരം ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്തിന് കൈമാറ്റം ചെയ്തിട്ടുള്ള ഏതെങ്കിലും വസ്തുവോ അവകാശങ്ങളോ ബാദ്ധ്യതകളോ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമനടപടികളിൽ നിലവിലുള്ള യൂണിയൻ പ്രദേശങ്ങൾ ഒരു കക്ഷിയാകുന്നിടത്ത്, ആ നടപടികളിൽ നിലവിലുള്ള യൂണിയൻ പ്രദേശങ്ങൾക്ക് പകരം ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്തെ ഒരു കക്ഷിയായി ചേർത്തതായോ അതിലേക്ക് ഒരു കക്ഷിയായി കൂട്ടിച്ചേർത്തതായോ, അതത് സംഗതിപോലെ, കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടികൾ തുടരാവുന്നതുമാണ്.

21. <u>തീർപ്പാക്കാതെയിരിക്കുന്ന നടപടി കൈമാറ്റം ചെയ്യൽ</u>.—(1) നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുമ്പ് നിലവിലുള്ള യൂണിയൻ പ്രദേശങ്ങളിൽ വരുന്ന ഏതെങ്കിലും പ്രദേശത്തെ ഏതെങ്കിലും കോടതിയുടെയോ (ഒരു ഹൈക്കോടതി അല്ലാത്ത) ട്രൈബ്യൂണലിന്റെയോ അധികാരസ്ഥാനത്തിന്റെയോ ഓഫീസറുടെയോ മുമ്പാകെ ആ ദിവസം തീർപ്പാക്കാതെയിരിക്കുന്ന എല്ലാ നടപടികളും ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും യൂണിയൻ പ്രദേശത്തെ തൽസ്ഥാനത്തുള്ള കോടതിയിലേക്കോ ട്രൈബ്യൂണലിലേക്കോ അധികാരസ്ഥാനത്തേക്കോ ഓഫീസർക്കോ കൈമാറ്റം ചെയ്ത് നിലകൊള്ളുന്നതാണ്.

(2) ഈ വകുപ്പിൽ,—

(ക) ''നടപടി'' എന്നതിൽ ഏതെങ്കിലും വ്യവഹാരമോ കേസോ അപ്പീലോ ഉൾപ്പെടുന്നതും;

(ഖ) ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശത്തെ ''തൽസ്ഥാനത്തുള്ള കോടതിയോ ട്രൈബ്യൂണലോ അധികാരസ്ഥാനമോ ഓഫീസറോ'' എന്നാൽ—

(i) നിശ്ചയിക്കപ്പെട്ട ദിവസത്തിന് ശേഷമാണ് നടപടി ആരംഭിച്ചിട്ടുണ്ടായിരുന്നതെങ്കിൽ, ഏത് കോടതിയിലോ ട്രൈബ്യൂണലിലോ അധികാരസ്ഥാനത്തിലോ അല്ലെങ്കിൽ ഏത് ഓഫീസറുടെ മുമ്പാകെയോ ആണ് നടപടികൾ സമർപ്പിക്കപ്പെടുമായിരുന്നത് ആ കോടതിയോ ട്രൈബ്യൂണലോ അധികാരസ്ഥാനമോ ഓഫീസറോ; അല്ലെങ്കിൽ

(ii) സംശയമുള്ള സംഗതിയിൽ, നിശ്ചയിക്കപ്പെട്ട ദിവസത്തിനുശേഷം ദാദ്ര–നഗർ ഹവേലിയും ദാമൻ–ദിയുവും യൂണിയൻ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്ററോ, നിശ്ചയിക്കപ്പെട്ട ദിവസത്തിന് മുമ്പ് നിലവിലുള്ള യൂണിയൻ പ്രദേശങ്ങളോ, തൽസ്ഥാനത്തുള്ള കോടതിയോ ട്രൈബ്യൂണലോ അധികാരസ്ഥാനമോ ഓഫീസറോ ആയി തീരുമാനിക്കാവുന്ന പ്രകാരമുള്ള, ആ യൂണിയൻ പ്രദേശത്തെ അങ്ങനെയുള്ള കോടതിയോ ട്രൈബ്യൂണലോ അധികാരസ്ഥാനമോ ഓഫീസറോ,

എന്നർത്ഥമാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ''അഡ്മിനിസ്ട്രേറ്റർ'' എന്നാൽ ഭരണഘടനയുടെ 239–ാം അനുച്ഛേദപ്രകാരം രാഷ്ട്രപതി നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു.

22. മറ്റു നിയമങ്ങൾക്ക് സംഗതമല്ലാത്ത വ്യവസ്ഥകളുടെ പ്രഭാവം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതുമായി സംഗതമല്ലാത്ത എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

23. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, രാഷ്ട്രപതിക്ക്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് മുഖേന, വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ നിശ്ചയിക്കപ്പെട്ട ദിവസം മുതൽ മൂന്നു വർഷത്തിന് ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.